# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 423 — 27.02.2018-ൽ മറുപടിക്ക്

## മുദ്ര പത്രങ്ങൾക്ക് ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ബി.സത്യൻ** | | **ശ്രീ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് കുറഞ്ഞ വിലയുള്ള മുദ്ര പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങളായ 50, 100 എന്നിവയ്ക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ത്രിതല പഞ്ചായത്തുകൾ വഴി ആനുകൂല്യങ്ങൾ ലഭിക്കേണ്ട നിർധനർ ഇക്കാരണത്താൽ വില കൂടിയ മുദ്ര പത്രം വാങ്ങേണ്ടി വരുന്ന സാഹചര്യം പരിഗണനാ വിഷയമായിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | സി) | ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് അധികമായി സ്റ്റോക്കുള്ള 1 രൂപ മുതൽ 5 രൂപ വരെയുള്ള നോൺജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകൾ 50 രൂപ മൂല്യമുള്ളവയായും 7 മുതൽ 10 രൂപ വരെ മൂല്യമുള്ളവയെ 100 രൂപയുടെ സ്റ്റാമ്പ് പേപ്പറായും പുനർമൂല്യനിർണ്ണയം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഫെബ്രുവരി അവസാന വാരം ഇവ ട്രഷറികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 50,100 രൂപ വിലയുള്ള മുദ്രപത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും ഒട്ടും സ്റ്റോക്കില്ലാത്ത ട്രഷറികളിലേക്ക് നൽകുന്നതിന് നടപടി എടുത്തിട്ടുണ്ട്. ടി ഇനം മുദ്രപത്രങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>31/03/2018 വരെ ആവശ്യം വരുന്ന മുദ്രപത്രങ്ങൾ അച്ചടിക്കുന്നതിനുള്ള ഇൻഡന്റ് നാസിക് പ്രസ്സ് |

അധികാരികൾക്ക് നൽകിയിട്ടുണ്ട്. ആയതിൽ 30/09/2017 വരെയുള്ള ഇൻഡന്റിന്റെ 30% മുൻകൂർ തുക പ്രസ്സിന് നൽകിയിട്ടുണ്ട്. 01/04/2017 മുതൽ 30/09/2017 വരെയുള്ള കാലയളവിലേക്ക് ഇൻഡന്റ് നൽകിയതും അച്ചടി പൂർത്തിയായതുമായ മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഹൈദരബാദ് സെക്യൂരിറ്റി പ്രസിൽ നിന്നും അച്ചടി പൂർത്തിയായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും കൈപ്പറ്റി കൊണ്ടുവരുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**